മൃതശരീരം ഹരിപ്പാട് ഗവണ്മെന്റ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മൃതശരീരം കുഴിച്ചെടുത്ത് ചെങ്ങന്നൂർ ആർ.ഡി.ഒ.യുടെ സാന്നിദ്ധ്യത്തിൽ റീ പോസ്റ്റുമോർട്ടം നടത്തിയിട്ടുള്ളതുമാണ്. ഈ കേസ്സിലേക്ക് ബന്ധപ്പെട്ട എല്ലാ ആൾക്കാരേയും വിശദമായി ചോദ്യം ചെയ്യുകയും ലഭ്യമായ എല്ലാ തെളിവുകളും സസൂക്ഷ്മം പരിശോധിച്ച് ശേഖരിച്ചിട്ടുള്ളതുമാണ്; അന്വേഷണം നടന്നുവരുന്നതുമാണ്.

(ഇ) ലോക്കൽ പോസ്റ്റുമോർട്ടം 27-2-99 ലും റീ പോസ്റ്റുമോർട്ടം 22-5-99 ലും ആണ് നടത്തിയിട്ടുള്ളത്.

(എഫ്&ജി) കെമിക്കൽ അനാലിസിസ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ കോപ്പി ബന്ധപ്പെട്ടവർക്ക് ലഭിക്കുന്നതിന് പോലീസിൽനിന്നും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുത്തിട്ടുള്ളതും ആയത് പോലീസ് സർജന്റെ ആഫീസിൽനിന്നും വാങ്ങുന്നതിന് ഏർപ്പാടാക്കിയിട്ടുള്ളതുമാണ്. പരിശോധനയിൽ മുൻഗണന നൽകണമെന്ന അപേക്ഷകളുടേയും സാമ്പിളുകളുടേയും ബാഹുല്യവും സാങ്കേതിക ജീവനക്കാരുടെ കുറവും കാരണമാണ് രാസപരിശോധനയിൽ താമസം നേരിടുന്നത്.

(എച്ച്) കെമിക്കൽ അനാലിസിസ് റിപ്പോർട്ട് വന്നതിനുശേഷം മാത്രമേ കൂടതൽ നിഗമനങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ലാത്തതാണ്.

49 (2234) കോട്ടയം-കോതനെല്ലൂർ സുരേഷിന്റെ മരണം

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കോതനെല്ലൂർ കരയിൽ വട്ടപ്പറമ്പിൽ ചെല്ലപ്പന്റെ മകൻ സുരേഷിന്റെ മരണം സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും നടത്തിയ അന്വേഷണങ്ങളുടെ വിശദവിവരം വെളിപ്പെടുത്താമോ;

(സി) പോലീസിന്റെ അന്വേഷണം സംബന്ധിച്ച് പരാതികൾ ലഭിച്ചിരുന്നുവോ; ഇവയിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഇ കേസ്സ് സി.ബി.ഐ. യെ ഏൽപ്പിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേസ്സിന്റെ അന്വേഷണം സി.ബി.ഐ. യെ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് കടുത്തുരുത്തി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 155/95/യു/എസ് 306,234 ഐ.പി.സി.യും സെക്ഷൻ 3 (1) (10) ഓഫ് എസ്.സി./എസ്.ടി.(പി.എ.) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സ് ക്രൈംബ്രാഞ്ച് വിഭാഗം ക്രൈം 194/ സി.ആർ /95-ാം നമ്പരായി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടുത്തുരുത്തി പോലീസ് സ്റ്റേഷൻ ക്രൈം 155/95-ാം നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരവെ ക്രൈംബ്രാഞ്ച് വിഭാഗം കേസ്സ് ക്രൈം 194/ സി.ആർ/95 നമ്പരായി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തുകയും അന്വേഷണം പൂർത്തിയാക്കി 24.1.97-ൽ പ്രതികൾക്കെതിരെ സെക്ഷൻ143, 147, 149, 324, 323, 306, 34 ഐ.പി.സി. ആന്റ് സെക്ഷൻ 3(1) (x) ഓഫ് എസ്.സി./എസ്.ടി (പി.എ.) ആക്ട് പ്രകാരം കോട്ടയം സെഷൻസ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും, കോടതി രേഖകൾ പരിശോധിച്ചശേഷം സെക്ഷൻ 3(1) (x) എസ്.സി./എസ്.ടി.(പി.എ.) ആക്ട് നിലനിർത്തുന്നില്ലെന്ന് കണ്ട് അസിസ്റ്റന്റ് സെഷൻസ് കോടതിയിലേയ്ക്ക് ഫയൽ അയയ്ക്കുകയുണ്ടായി. കേസ്സ് ഇപ്പോൾ വിചാരണയിലാണ്.

(സി) പരാതികൾ ലഭിച്ചിരുന്നു. അതിന്മേൽ പാലാ ഡി.വൈ.എസ്.പി. ഉചിതമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(ഡി)&(ഇ) കേസ്സ് കോടതിയിൽ വിസ്താരത്തിലിരിക്കുകയാണ്.

50 (2235) പൂഴിക്കാട്ടെ മോഹൻദാസിന്റെ മരണം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം പഞ്ചായത്തിലെ പൂഴിക്കാട് മലയുടെ പടിഞ്ഞാറ്റതിൽ രാധാകൃഷ്ണൻ എന്നുവിളിക്കുന്ന മോഹൻദാസിന്റെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഏത് വിധത്തിലുള്ള അന്വേഷണമാണ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പന്തളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 93/99 കേസ്സ് ഇപ്പോൾ പോലീസ് അന്വേഷണം നടത്തിവരുന്നു.

(സി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. കേസ്സന്വേഷണം നടന്നുവരികയാണ്.

51 (2236) ചന്ദ്രമോഹൻ പിള്ളയുടെ മരണം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഏപ്രിൽ 25 ന് കടയ്ക്കൽ പോലീസ് കസ്റ്റഡിയിൽ വച്ച് ആൽത്തറമൂട് ഏറത്തുവീട്ടിൽ ചന്ദ്രമോഹൻപിള്ള മരണമടഞ്ഞ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ചന്ദ്രമോഹനന്റെ മൃതശരീരത്തിൽ തലയ്ക്കും ശരീരത്തിന്റെ പല ഭാഗങ്ങളിലും മുറിവ് ഉണ്ടായിരുന്നോ;

(സി) ഈ മുറിവ് എപ്രകാരമാണ് ഉണ്ടായത്;

LIBRARY ARCHIVES Kerala Legislative Assembly